മമാക്കുന്നതിനായി ടെലിഫോൺ സൗകര്യമില്ലാത്ത വകുപ്പിലെ എല്ലാ ആഫീസുകളിലും ടെലിഫോൺ സ്ഥാപിക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ (റിവോൾവർ-0.32) നൽകുന്നതിനും നടപടി എടുത്തുവരുന്നു. ചാരായ നിരോധനം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ എക്സൈസ് ഓഫീസുകൾക്കായി മുപ്പതോളം പുതിയ വാഹനങ്ങൾ ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുമുണ്ട്. വകുപ്പിന്റെ സുഗമമായ പ്രവർത്തനം മുൻനിർത്തി അസിസ്റ്റന്റ് എക്സൈസ് കമ്മിഷണറുടെ (റവന്യൂ റിക്കവറി, ലീഗൽ ആന്റ് ആഡിറ്റ്) മൂന്ന് തസ്തികകളും, അസിസ്റ്റന്റ് കമ്മിഷണർ (നിയമം) എന്ന ഒരു തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

റയിൽവേസ്റ്റേഷനുകൾ വഴി സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

27 (*87) ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. ജോർജ് ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റെയിൽവേ സ്റ്റേഷനുകൾവഴി മതിയായ വിൽപ്പനനികുതി അടയ്ക്കാതെ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നടപ്പു സാമ്പത്തികവർഷം നാളിതുവരെ വിൽപ്പന നികുതി അടയ്ക്കാതെ കടത്തിക്കൊണ്ടുപോയ എന്തു തുകയുടെ സാധനങ്ങൾ പിടിച്ചെടുത്തു പിഴ ഈടാക്കി എന്ന് വെളിപ്പെടുത്തുമോ;

(സി) മതിയായ വില്പന നികുതി അടയ്ക്കാതെ കടത്തിക്കൊണ്ടു പോകുന്ന സാധനങ്ങൾ റെയിൽവേ സ്റ്റേഷനുകളിൽ പരിശോധിക്കാൻ റയിൽവേ അധികൃതർ അനുവദിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നികുതി വെട്ടിച്ച് കടത്തിക്കൊണ്ടുവരുന്ന സാധനങ്ങൾ റെയിൽവേയുടെ പരിധിക്ക് പുറത്തുവച്ച് നികുതി വകുപ്പിന് പരിശോധന നടത്താനും നികുതി ഈടാക്കാനുമുള്ള എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തികവർഷവും റെയിൽവേവഴി കടത്തിക്കൊണ്ടുപോയ സാധനങ്ങൾ പിടിച്ചെടുത്തതിലൂടെ എന്തു തുകയുടെ അധികവരുമാനം ഉണ്ടാക്കാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 708.13 ലക്ഷം രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു. 28.56 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.
1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) സഹകരിക്കാത്ത റയിൽവേസ്റ്റേഷൻ മാസ്റ്റർമാരുടെ പേരിൽ വിൽപ്പനനികുതി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട റയിൽവേ അധികാരികളെ ഇക്കാര്യം ധരിപ്പിക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) നിലവിലുള്ള സംവിധാനമനുസരിച്ച് തന്നെ പരിശോധന നടത്തുന്നുണ്ട്.

(എഫ്) 82.38 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങളുടെ ഉടമസ്ഥരുടെ വാർഷികകണക്കുകൾ പരിശോധിക്കുമ്പോൾ മാത്രമേ യഥാർത്ഥ അധികവരുമാനം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം

28 (*88) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ഇനം കൃഷിക്കും കാർഷികോൽപ്പന്നങ്ങൾക്കും ഇറക്കുമതി നയംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ/കോട്ടങ്ങൾ വിശദമാക്കുമോ;

(സി) വൻതോതിൽ കാർഷികോൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ ഇറക്കുമതി ചെയ്യുന്നതുമൂലം കാർഷികോൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും വിലതകർച്ച നേരിടുകയും ചെയ്യുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇറക്കുമതി മൂലം സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് കാരണമായത്. 2000 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ എക്സിറ്റ് പോളിസി കാരണവും കേരളത്തിലെ ഡബ്ല്യു.റ്റി.ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകൾ കാരണവും കേരളത്തിലെ നാളികേരം, റബ്ബർ, അടയ്ക്കാ, കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ ഭീമമായ ഇടിവുണ്ടായിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര കൃഷി മന്ത്രാലയം, വാണിജ്യ മന്ത്രാലയം, ധന മന്ത്രാലയം, ഭക്ഷ്യ ഉപഭോക്തൃ മന്ത്രാലയം എന്നിവയുടെ കാബിനറ്റ് മന്ത്രിമാർക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും കേരളത്തിലുൽപ്പാദിപ്പിക്കുന്ന നാണ്യവിളകൾ വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യരുതെന്നും ചെയ്യുകയാണെങ്കിൽ അവയുടെ കസ്റ്റംസ് തീരുവ ഡബ്ല്യു.റ്റി.ഒ. ബൗണ്ട് നിരക്കിനൊപ്പം പരമാവധി ഉയർത്തണമെന്ന് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly